**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 40** **30-01-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമികൈമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ രംഗത്ത് പുത്തനുണർവ്വേകുന്നതിനായി സർക്കാരിന് കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമിയിൽ പട്ടയം അനുവദിക്കുന്നതിനും കൈമാറ്റ നടപടികൾ ലളിതമാക്കുന്നതിനും ലക്ഷ്യമിട്ട് ബന്ധപ്പെട്ട ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനു കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകൾ/ഏരിയകൾ/പ്ലോട്ടുകളിലെ ഭൂമിയുടെ അലോട്ട്മെന്റും അസൈൻമെന്റുമായി ബന്ധപ്പെട്ട് കേരള ഗവൺമെന്റ് ലാൻഡ് അലോട്ട്മെന്റ് ആൻഡ് അസൈൻമെന്റ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസസ് റൂൾസ് -2023 (G.O (P) No. 309/2023/RD dated 11/12/2023) നിലവിൽ വന്നിട്ടുണ്ട്. പുതിയ ചട്ടം നിലവിൽ വന്നതോടെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനു കീഴിലുള്ള വ്യവസായ ഭൂമിയുടെ കൈമാറ്റം, ഘടനമാറ്റം, ആക്ടിവിറ്റി മാറ്റം, ലീസ് വ്യവസ്ഥയിൽ നിന്നും ഹയർ പർച്ചേസ് വ്യവസ്ഥയിലേക്കുള്ള മാറ്റം, പട്ടയം അനുവദിക്കൽ എന്നീ പ്രക്രിയകളുടെ നടപടിക്രമം ലഘൂകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഭേദഗതികൾ നടപ്പിൽ വരുന്നതോടുകൂടി ഈ മേഖലയിൽ എന്തെല്ലാം തരത്തിലുള്ള പ്രയോജനങ്ങൾ സംരംഭകർക്കുണ്ടാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദീകരിക്കാമോ; | (ബി) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനു കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകൾ/ഏരിയകൾ/പ്ലോട്ടുകളിലെ ഭൂമിയുടെ അലോട്ട്മെന്റും അസൈൻമെന്റുമായി ബന്ധപ്പെട്ട് കേരള ഗവൺമെന്റ് ലാൻഡ് അലോട്ട്മെന്റ് ആൻഡ് അസൈൻമെന്റ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസസ് റൂൾസ് -2023 (G.O (P) No. 309/2023/RD dated 11/12/2023) നിലവിൽ വന്നിട്ടുണ്ട്. പുതിയ ചട്ടം നിലവിൽ വന്നതോടെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനു കീഴിലുള്ള വ്യവസായ ഭൂമിയുടെ കൈമാറ്റം, ഘടനമാറ്റം, ആക്ടിവിറ്റി മാറ്റം, ലീസ് വ്യവസ്ഥയിൽ നിന്നും ഹയർ പർച്ചേസ് വ്യവസ്ഥയിലേക്കുള്ള മാറ്റം, പട്ടയം അനുവദിക്കൽ എന്നീ പ്രക്രിയകളുടെ നടപടിക്രമം ലഘൂകരിച്ചിട്ടുണ്ട്. |
| (സി) | കൂടുതൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു വ്യവസായ | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂമിയിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | പാർക്ക് എന്ന പദ്ധതി നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | | പദ്ധതിയുടെ രൂപരേഖ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ